ഉത്തരം

(എ) വാർദ്ധക്യകാല പെൻഷനും, വിധവാ പെൻഷനും പ്രതിമാസം 80 രൂപയിൽനിന്ന് 1-11-1995 മുതൽ 100 രൂപ തോതിലും വികലാംഗ പെൻഷൻ 85 രൂപയിൽ നിന്നും 20-6-1995-മുതൽ 100 രൂപ തോതിലും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

ഫിഷറീസ് നയം

56 [1648] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഗവൺമെൻറ് ഫിഷറീസ് നയം ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

8-8-1994-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 43/94/മത്സ്യ പ്രകാരം ഫിഷറീസ് നയം ആവിഷ്ക്കരിച്ചിട്ടുണ്ട്.

മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കുക, മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക, മൽസ്യത്തൊഴിലാളികളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഉപഭോക്താക്കൾക്ക് നല്ല മൽസ്യം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് സർക്കാർ ഫിഷറീസ് നയം ആവിഷ്ക്കരിച്ചിട്ടുള്ളത്.

ഫിഷറീസ് നയരേഖയിൽ പറഞ്ഞിട്ടുള്ള നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ്ലാൻറിംഗ് സെൻററുകളും

57 [1649] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എവിടെയെല്ലാം മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ്ലാൻറിംഗ് സെൻററുകളും ആരംഭിച്ചുവെന്നും പൂർത്തിയാക്കി എന്നും വെളിപ്പെടുത്തുമോ;

(ബി) ഈ ഇനത്തിൽ മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചോംപാൽ, മോപ്പാബേ, കായംകുളം എന്നിവിടങ്ങളിൽ പുതുതായി മത്സ്യബന്ധന തുറമുഖങ്ങളും കാട്ടൂർ, പൊള്ളത്തായ്, പുന്നപ്ര ആർത്തുങ്കൽ, കൊയിലാണ്ടി എന്നിവിടങ്ങളിൽ പുതുതായി ഫിഷ്ലാൻറിംഗ് സെൻററുകളും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly